**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1771** **29-09-2025 - ൽ മറുപടിയ്ക്ക്**

**ദേവികുളം മണ്ഡലത്തിൽ കൃഷിവകുപ്പ് നടപ്പാക്കിയ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷിവകുപ്പ് ദേവികുളം മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ദേവികുളം മണ്ഡലത്തിൽ NABARD RIDF പദ്ധതിയിൽ ഉൾപ്പെടുത്തി കാന്തലൂർ പഞ്ചായത്തിൽ Rs. 1,97,46,693 /- രൂപാ ചെലവഴിച്ച ഫാം റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.<br><br>മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ദേവികുളം മണ്ഡലത്തിൽ 2023-2024 സാമ്പത്തിക വർഷത്തിൽ കുണ്ടള സാൻഡോസ് ഉന്നതിയിൽ പ്രത്യേക പദ്ധതിയായി ശീതകാല പച്ചക്കറി കർഷകരുടെ മണ്ണ് പരിശോധിച്ച് വള ശുപാർശകൾ നൽകി പരിശോധനയുടെ വിവരങ്ങൾ മണ്ണ് ആരോഗ്യ കാർഡുകളായി 42 കർഷക കുടുംബങ്ങൾക്ക് വിതരണം ചെയ്തു കൂടാതെ പ്രദേശത്ത് അപര്യാപ്തത കണ്ടെത്തിയ മാഗ്നിഷ്യം ബോറോൺ എന്നീ മൂലങ്ങൾ അടങ്ങിയ വളങ്ങളും പച്ചക്കറി തൈകളും കർഷകർക്ക് നൽകി ശാന്തൻപാറ, ചിന്നക്കനാൽ, മാങ്കുളം എന്നീ പഞ്ചായത്തുകളിൽ വിശദ മണ്ണുപര്യവേക്ഷണം നടത്തി പഞ്ചായത്ത് റിപ്പോർട്ടുകൾ അതാത് പഞ്ചായത്തുകൾക്ക് സമർപ്പിച്ചു മൂന്നാർ, മറയൂർ എന്നീ പഞ്ചായത്തുകളിൽ വിശദ മണ്ണുപര്യവേക്ഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കി കൊണ്ടിരിക്കുന്നു 2025- 26 ബ്ലോക്ക്തല മണ്ണ് പരിശോധന ക്യാമ്പയിൻ അടിമാലി ദേവികുളം എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു.<br><br>മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമനമ്പർ | പദ്ധതി | പ്രവർത്തി | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 1 | ഇടുക്കി പാക്കേജ്(2022-2023) | 1) മൂന്നാർ ഗ്രാമപഞ്ചായത്തിലെ ലൊക്കേഷൻ സ്പെസിഫിക് പ്രവർത്തികൾ | 868626/- | പദ്ധതി പൂർത്തീകരിച്ചു |
| | | 2) ബൈസൺ വാലി പഞ്ചായത്തിലെ പ്രവർത്തികൾ | 3283912/- | പദ്ധതി പൂർത്തീകരിച്ചു |
| 2 | RKVY | 1) വേങ്ങര ഡൈവേഷൻ കനാൽ<br>2) ആടി വയൽ മാന്നാർത്തോട്ടം ഡൈവേർഷൻ കനാൽ | 15062417/- | പദ്ധതി പൂർത്തീകരിച്ചു |
| 3 | RKI | 1) അടിമാലി ഗ്രാമപഞ്ചായത്തിലെ മണ്ണ് സംരക്ഷണ പ്രവർത്തികൾ | 576246/- | പദ്ധതി പൂർത്തീകരിച്ചു |
| | | 2) പള്ളിവാസൽ ഗ്രാമപഞ്ചായത്തിലെ മണ്ണ് സംരക്ഷണ പ്രവർത്തികൾ | 1412492/- | പദ്ധതി പൂർത്തീകരിച്ചു |